ഉത്തരം

(എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളിൽ/സംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാസഹകരണസംഘങ്ങളിലും കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കമ്പ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ്, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, എ.റ്റി.എം. സംവിധാനം എന്നിവയ്ക്കായി പ്രോജക്ട് കോസ്റ്റിന്റെ 50 ശതമാനം വായ്പയായും 20 ശതമാനം ഓഹരിയായും, 20 ശതമാനം സബ്സിഡിയായും പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു. ഈ ഇനത്തിൽ 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 82 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 697.365 ലക്ഷം രൂപ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) 1514 പ്രാഥമിക സഹകരണ ബാങ്കുകളും 761 പ്രാഥമിക സഹകരണ സംഘങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട് (പട്ടിക അനുബന്ധമായി ചേർക്കുന്നു.)*

(സി) പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് സ്വന്തം നിലയിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാവുന്നതാണ്. അതിന് പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ അപ്രകാരം കമ്പ്യൂട്ടർവൽക്കരണം നടത്തുമ്പോൾ പൊതുഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്. കമ്പ്യൂട്ടർവൽക്കരണത്തിനുള്ള സർക്കാർ ധനസഹായത്തിന് സംഘങ്ങളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അർഹമായ അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

കൽപ്പറ്റ ജനറൽ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ

96 (4678) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ ജനറൽ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലാ ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത ജനറൽ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത ജനറൽ ആശുപത്രി യോടനുബന്ധിച്ച് നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് താത്പര്യമുള്ള സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി സഹകരണ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികൾ

97 (4679) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി സഹകരണ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള ബാങ്കുകളിലൂടെ പട്ടികജാതി വിഭാഗങ്ങളുടെ എത്ര രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുകയുണ്ടായി ; ഏതു വർഷംവരെയുള്ള വായ്പകളാണ് എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കാമോ ;

(സി) സഹകരണ ബാങ്കുകളിലെ പ്രസ്തുത വിഭാഗങ്ങൾക്ക് പലിശരഹിത വായ്പകൾ ലഭ്യമാക്കുമോ ; ഇതിനുള്ള പലിശ സബ്സിഡി വിഹിതത്തിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിനായി കുറഞ്ഞ നിരക്കിലുള്ള വായ്പകൾ സഹകരണ ബാങ്കുകൾവഴി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും, തദ്വാര പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടും മുഖേന പരാമർശിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. നിവൈവൽ സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾക്ക് പരമാവധി 6 ലക്ഷം രൂപ (ഓഹരി 2,40,000- രൂപ, സബ്സിഡി-3,60,000-രൂപ)

LIBRARY ARCHIVES Kerala Legislative Assembly